# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 979  05.03.2020 ൽ മറുപടിക്ക്**

**ബഡ്ജറ്റിൽ പ്രൊവിഷൻ അനുവദിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എ. അഹമ്മദ് കബീർ | ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ഇരുപത് ശതമാനം പ്രൊവിഷൻ അനുവദിച്ച വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | എ) & ബി) | 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ഇരുപത് ശതമാനം പ്രൊവിഷൻ അനുവദിച്ച വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ പി.ഡബ്ല്യു.ഡി പദ്ധതികൾക്ക് മുൻഗണനാടിസ്ഥാനത്തിൽ ഭരണാനുമതി നൽകി വരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിരിക്കുന്ന പദ്ധതികളിൽ, സർക്കാരിൽ ലഭ്യമാക്കിയ പ്രവൃത്തികളിൽ നിന്ന് നിയമസഭാ മണ്ഡലത്തിലെ ഒന്ന് (ബന്ധപ്പെട്ട ബഹു. എം.എൽ.എ ശിപാർശ ചെയ്യുന്നത് അല്ലെങ്കിൽ ഏറ്റവും കൂടിയ തുകയുള്ളത്) എന്ന മുൻഗണനാടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് അനുമതി നൽകി വരികയാണ്. അപ്രകാരം ധനകാര്യ വകുപ്പിൽ നിന്ന് അനുമതി ലഭിച്ചിട്ടുള്ളവയ്ക്ക് അടിയന്തരമായി ഭരണാനുമതി നൽകി വരുന്നുണ്ട്.<br><br>കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ സർക്കാരിലെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുമാണ് ഭരണാനുമതി നൽകുന്നത്. അപ്രകാരം അതത് വകുപ്പുകളിൽ നിന്നും ഭരണാനുമതി ലഭ്യമായാലുടൻ പൊതുമരാമത്ത് വകുപ്പിൽ തുടർനടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുന്നതാണ്. |
| ബി) | പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അതിനുള്ള ഭരണാനുമതി നൽകാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | | |

സി) പ്രസ്തുത പ്രവൃത്തികളിൽ പൊതുമരാമത്ത് റോഡ്സ് വകുപ്പിന് കീഴിൽ വരുന്ന പരിയാപുരം-അങ്ങാടിപ്പുറം-ഏറാക്കോട്-നിലമ്പൂർ റോഡ് നവീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റോഡിന് ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു എങ്കിലും ബഹു.എം.എൽ.എ ശിപാർശ ചെയ്തതിൻ പ്രകാരം ആനക്കയം-ഒരുവമ്പ്രം ലിങ്ക് റോഡ് (വലിക്കപ്പാട്ട-ചിറ്റത്തുപ്പാറ-പന്തല്ലൂർ റോഡ്) പ്രവൃത്തിക്കാണ് മങ്കട നിയോജക മണ്ഡലത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചത്. ആയതിനാൽ പരിയാപുരം-അങ്ങാടിപ്പുറം-ഏറാക്കോട്-നിലമ്പൂർ റോഡ് പ്രവൃത്തി നിരസിക്കുകയുണ്ടായി.

**സെക്ഷൻ ഓഫീസർ**